# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് നാല്പത്തിരണ്ട്

## തേജസ്സിലേക്കുള്ള പാത

## (1)

Tue മത്തായി സ്വർഗരാജ്യത്തെക്കുറിച്ചുള്ള ഒരു പുസ്തകമായതുകൊണ്ട് സ്വർഗീയ രാജാവായി ഇവിടെ ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. മറ്റുള്ള സുവിശേഷങ്ങളിൽ അവനെ ഒരു മനുഷ്യനായും (ലൂക്കൊസ്), ഒരു അടിമയായും (മർക്കൊസ്), ദൈവപുത്രനായും (യോഹന്നാൻ) വെളിപ്പെടുത്തിയിരിക്കുന്നു.

മത്തായിയുടെ ആദ്യത്തെ പതിമൂന്ന് അധ്യായങ്ങൾ ക്രിസ്തുവിനെ സംബന്ധിച്ച അനേകം നിർണായകമായ കാര്യങ്ങൾ വിശദീകരിക്കുന്നു. ഒന്നാം അധ്യായത്തിൽ നമുക്ക് ക്രിസ്തുവിന്റെ വംശാവലിയും ക്രിസ്തുവിന്റെ ജനനവും ഉണ്ട്. രണ്ടാം അധ്യായത്തിൽ ക്രിസ്തുവിന്റെ യുവത്വത്തിന്റെ വിവരണമുണ്ട്. മൂന്നാം അധ്യായത്തിൽ വെള്ളത്തിൽ സ്നാനപ്പെടുന്നതിലൂടെയും ആത്മാവിനാൽ അഭിഷേകം ചെയ്യപ്പെടുന്നതിലൂടെയും സ്നാപക യോഹന്നാനാൽ ക്രിസ്തു ശുപാർശ ചെയ്യപ്പെടുന്നു. നാലാം അധ്യായത്തിൽ അവൻ പരീക്ഷിക്കപ്പെടുകയും തന്റെ ശുശ്രൂഷ ആരംഭിക്കുകയും ചെയ്യുന്നു. ക്രിസ്തു ശുപാർശ ചെയ്യപ്പെടുകയും, അഭിഷേകം ചെയ്യപ്പെടുകയും, പരീക്ഷിക്കപ്പെടുകയും ചെയ്തതിനുശേഷം അവൻ തന്റെ ശുശ്രൂഷയിലേക്കു വന്നു. തന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ അവൻ അഞ്ചും ആറും ഏഴും അധ്യായങ്ങളിൽ സ്വർഗരാജ്യത്തിന്റെ ഭരണഘടന വിളംബരം ചെയ്തു. ഈ വിളംബരത്തിനുശേഷം, തന്റെ ശുശ്രൂഷ തുടരുവാൻ അവൻ മലയിൽനിന്നും ഇറങ്ങിവന്നു. അവന്റെ ശുശ്രൂഷ അനേകം വശങ്ങളിൽ ജനത്തിന് അവനെത്തന്നെ വെളിപ്പെടുത്താനുള്ള ശ്രേഷ്ഠമായ അവസരങ്ങൾ അവനു നൽകി. ഒമ്പതാം അധ്യായത്തിൽ വൈദ്യനായി അവനെത്തന്നെ അവൻ വെളിപ്പെടുത്തി. വീണുപോയ ജനമെന്ന നിലയിൽ നാം എല്ലാവരും രോഗികളും ഒരു വൈദ്യന്റെ ആവശ്യമുള്ളവരുമാണ്. കർത്താവിന്റെ സൗഖ്യം ആവശ്യമുള്ളവരായി നാം നിൽക്കുന്നതുകൊണ്ട് അവൻ ആദ്യം അവനെ നമ്മുടെ വൈദ്യനായി, നമ്മുടെ സൗഖ്യദായകനായി

വെളിപ്പെടുത്തി. ഇതിനുശേഷം, അവൻ അവനെത്തന്നെ ഏറ്റവും സന്തോഷവാനായ വ്യക്തിയായ മണവാളനായും, നമ്മെ കരുതുന്നവനായ നമ്മുടെ ഇടയനായും, ദൈവത്തിന്റെ കൊയ്ത്തിന്റെ കർത്താവായും വെളിപ്പെടുത്തി. പന്ത്രണ്ടാം അധ്യായത്തിൽ അവനെ യഥാർഥ ദാവീദായും, ആലയത്തെക്കാൾ വലിയതായും, ശബ്ബത്തിന്റെ കർത്താവായും, യോനായെക്കാൾ വലിയവനായും, ശലോമോനെക്കാൾ വലിയവനായും ക്രിസ്തു അനാവരണം ചെയ്തു. ഈ എല്ലാ ശീർഷകങ്ങളെയും—വൈദ്യൻ, മണവാളൻ, ഇടയൻ, കൊയ്ത്തിന്റെ കർത്താവ്, യഥാർഥ ദാവീദ്, ആലയത്തെക്കാൾ വലിയത്, ശബ്ബത്തിന്റെ കർത്താവ്, യോനായെക്കാൾ വലിയവൻ, ശലോമോനെക്കാൾ വലിയവൻ—നാം ഒരുമിച്ചു വയ്ക്കുന്നുവെങ്കിൽ, സ്വർഗത്തിന്റെ രാജാവെന്ന നിലയിൽ ക്രിസ്തു നമുക്ക് വളരെയധികമാണെന്ന് നാം മനസ്സിലാക്കും.

ക്രിസ്തുവിനെക്കുറിച്ചുള്ള ഈ സകല വെളിപാടുകൾക്കും പുറമെ, ഒമ്പതാം അധ്യായത്തിൽ ക്രിസ്തു അനാവരണം ചെയ്തത് അവൻ പുതിയ വസ്ത്രത്തിനു വേണ്ടിയുള്ള സംസ്കരിക്കപ്പെടാത്ത തുണിയാകുന്നു എന്നാണ്, തുണിയും അവൻ തന്നെയാണ്. കൂടാതെ, അവൻ പുതിയ വീഞ്ഞും, പുതിയ തുരുത്തിയും ആണ്. പുതിയ തുണിയായും, പുതിയ വസ്ത്രമായും ക്രിസ്തുവിനെ ആസ്വദിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? പുതിയ വീഞ്ഞായി അവനെ കുടിക്കുവാനും, പുതിയ തുരുത്തിയായ അവനിൽ നിങ്ങളുടെ ആസ്വാദനം കാത്തുകൊള്ളുവാനും നിങ്ങൾ ആഗ്രഹിക്കുന്നുവോ? ഞാൻ നിശ്ചയമായും ഇത് ആഗ്രഹിക്കുന്നു.

രക്ഷകനും രാജാവുമായ ക്രിസ്തു നമ്മുടെ വൈദ്യനാണെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. നിങ്ങൾ രോഗിയും മരിച്ചുകൊണ്ടിരിക്കുന്നവനുമാണോ? ഈ ദൂത് വായിച്ചുകൊണ്ടിരിക്കുന്നവരിൽ ചിലർ മരിച്ചുകൊണ്ടിരിക്കുകയാകാം എന്നു ഞാൻ ആശങ്കപ്പെടുന്നു. എന്നാൽ ക്രിസ്തു നമ്മുടെ വൈദ്യൻ, നമ്മുടെ സൗഖ്യദായകൻ, ആണ്. രോഗിയോ മരിച്ചുകൊണ്ടിരിക്കുന്നവനോ ആയ ആർക്കും ഇങ്ങനെ പറയാം, "കർത്താവായ യേശുവേ, നിനക്ക് നന്ദി. നീ എന്റെ വൈദ്യനും സൗഖ്യദായകനുമാണ്. നീ എനിക്ക് ഒരു സമ്പൂർണ സൗഖ്യം നൽകുമെന്ന ഉറപ്പെനിക്കുണ്ട്." നാം എല്ലാവരും അവന്റെ സൗഖ്യത്തിൻകീഴിലാണെന്ന ഉറപ്പെനിക്കുണ്ട്. അതുകൊണ്ട്, നാം ആരോഗ്യമുള്ളവരാണ്. ക്രിസ്തു നമ്മുടെ വൈദ്യനാണെന്നത് എത്ര അത്ഭുതകരമാണ്!

ക്രിസ്തു നമുക്ക് അനേകം കാര്യങ്ങളാണ്. അവൻ നമ്മുടെ മണവാളനാണ്. ഏറ്റവും സന്തോഷവാനായ വ്യക്തി ഒരു മണവാളനാണ്. നമ്മുടെ മണവാളനായ ക്രിസ്തുവുമായി ഏറ്റവും നല്ല വിവാഹജീവിതം ആസ്വദിക്കുവാനുള്ള പദവി നമുക്കുണ്ട്. നമ്മുടെ ഇടയനെന്ന നിലയിൽ ക്രിസ്തു നമ്മുടെ ആവശ്യങ്ങൾ

അറിയുകയും അവയ്ക്കുവേണ്ടി കരുതുകയും ചെയ്യുന്നു. അവൻ നമ്മുടെ ഇടയനായതുകൊണ്ട് നമ്മുടെ ആവശ്യങ്ങളെ നമുക്ക് മറന്നുകളയാം. ക്രിസ്തു ദൈവത്തിന്റെ കൊയ്ത്തിന്റെ കർത്താവാണ്. അവൻ യഥാർഥ ദാവീദും, നാം അവന്റെ അനുയായികളുമാണ്. അതിലുപരി, അവൻ ആലയത്തെക്കാൾ വലിയതും, നാം അവന്റെ ഉള്ളിൽ സേവിക്കുകയും, ആരാധിക്കുകയും, ശുശ്രൂഷിക്കുകയും ചെയ്യുന്ന പുരോഹിതന്മാരും ആണ്. നാം ഒരു മതത്തിൽ ശുശ്രൂഷിക്കുകയല്ല; നാം ആലയത്തെക്കാൾ വലിയതായ ഒരു വ്യക്തിയിൽ ശുശ്രൂഷിച്ചുകൊണ്ടിരിക്കുകയാണ്. ക്രിസ്തു ശബ്ബത്തിന്റെ കർത്താവ്, വിശ്രമത്തിന്റെ കർത്താവുമാണ്. അങ്ങനെ, നമുക്ക് വിശ്രമം മാത്രമല്ല, വിശ്രമത്തിന്റെ കർത്താവുമുണ്ട്. വിശ്രമത്തിനുവേണ്ടി നാം അന്വേഷിക്കേണ്ട ആവശ്യമില്ല, കാരണം നമുക്ക് കർത്താവുണ്ട്. ഒടുവിലായി, ക്രിസ്തു നമുക്ക് യോനായെക്കാൾ വലിയവനും ശലോമോനെക്കാൾ വലിയവനും ആണ്. അവൻ, എന്തു ചെയ്യണമെന്നു നമ്മോടു പറയുകയും, നമ്മെ വഴികാട്ടുകയും, നമ്മെ നയിക്കുകയും ചെയ്യുന്ന പ്രവാചകനും, നമ്മിലുള്ള നമ്മുടെ പ്രിയശലോമോൻ എന്ന അത്ഭുതവാനായ രാജാവും ആണ്. ഓ, ഇതാണ് നമ്മുടെ ക്രിസ്തു!

തന്റെ ശുശ്രൂഷയുടെ ഫലമായി ഇങ്ങനെയുള്ള ഒരു രീതിയിൽ ക്രിസ്തു അനാവരണം ചെയ്യപ്പെട്ടെങ്കിലും, അവന്റെ ശുശ്രൂഷ സമ്പൂർണ തിരസ്കരണത്തിൽ കലാശിച്ചു. പന്ത്രണ്ടാം അധ്യായത്തിന്റെ അവസാനത്തിൽ ഈ തിരസ്കരണം അതിന്റെ ഉച്ചസ്ഥിതിയിൽ എത്തിച്ചേർന്നു. സൗഖ്യമാക്കുവാൻ കഴിയാത്ത ആ യെഹൂദ മതവാദികളുടെ തലമുറയാൽ ക്രിസ്തു അങ്ങേയറ്റം തിരസ്കരിക്കപ്പെട്ടു. ആ തലമുറയുടെ തിരസ്കരണത്തിൻ പ്രകൃതം സൗഖ്യമാക്കുവാൻ കഴിയാത്തതാണെന്നും, ഒരു അർഥത്തിൽ ഈ യുഗത്തിലും വരാനിരിക്കുന്ന യുഗത്തിലും ക്ഷമിക്കുവാൻ കഴിയാത്തതുമാണെന്ന വസ്തുതയെ പന്ത്രണ്ടാം അധ്യായത്തിലെ തിരസ്കരണം തുറന്നു കാണിച്ചു. ഈ ഒരു അളവോളം സ്വർഗീയ രാജാവിനെ യെഹൂദന്മാർ തിരസ്കരിച്ചതുകൊണ്ട് അവൻ അവരെ ഉപേക്ഷിച്ചു. യെഹൂദന്മാരുമായുള്ള അവന്റെ സ്വാഭാവികമായ, ജഡികമായ ബന്ധത്തെ അവൻ ഉപേക്ഷിക്കുകയും, അവന്റെ ബന്ധുജനവുമായുള്ള അവന്റെ സ്വാഭാവിക ബന്ധങ്ങളെ ത്യജിക്കുകയും ചെയ്തു. പന്ത്രണ്ടാം അധ്യായത്തിന്റെ അവസാനത്തിൽ യെഹൂദന്മാർ ആദ്യം കർത്താവിനെ തിരസ്കരിക്കുകയും പിന്നീട് അവരുടെ തിരസ്കരണം രാജാവ് അവരെ ഉപേക്ഷിക്കുന്നതിൽ കലാശിക്കുകയും ചെയ്യുവെന്ന് നാം കാണുന്നു.

പതിമൂന്നാം അധ്യായത്തിൽ രാജാവ് കടലിലുള്ള ഒരു പടകിലേക്കു പോയി. അവൻ സഭയിലേക്കു പോയി എന്ന് ഇത് സൂചിപ്പിക്കുന്നു. സഭയിൽ അവൻ ദൈവരാജ്യത്തിന്റെ മർമ്മം അനാവരണം ചെയ്തു.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, രാജ്യത്തിന്റെ ജീവനാഡിയും, യാഥാർഥ്യവുമായ സഭയുടെ മർമങ്ങൾ അവൻ വെളിപ്പെടുത്തി. രാജ്യത്തിന്റെ മർമം ഉപമകളിൽ നൽകിയതുകൊണ്ട് അവനെ സ്നേഹിച്ചവർക്കും, അവനെ അനുഗമിച്ചവർക്കും, അവനുമായി ഒന്നായിരുന്നവർക്കും മാത്രമേ അത് മനസ്സിലാക്കുവാൻ കഴിഞ്ഞുള്ളൂ. മലയിൽവച്ച് പുരുഷാരത്തിന് കർത്താവ് രാജ്യത്തിന്റെ ഭരണഘടന വിളംബരം ചെയ്യുവെന്ന് നാം കണ്ടു. എന്നാൽ പതിമൂന്നാം അധ്യായത്തിൽ തന്നെ അനുഗമിച്ചവർക്ക് അവൻ രാജ്യത്തിന്റെ മർമം അനാവരണംചെയ്യു.

കർത്താവിനെത്തന്നെ അനാവരണം ചെയ്യുതും, ദൈവരാജ്യത്തിന്റെ മർമത്തെ അനാവരണം ചെയ്യുതും നാം കണ്ടതിനുശേഷം, അവന്റെ അനുയായികളെന്ന നിലയിൽ അവനെ അനുഗമിക്കുവാനുള്ള മാർഗം നാം അറിയേണ്ടതാവശ്യമാണ്. കർത്താവ് വൈദ്യനും, മണവാളനും, ഇടയനുമാണെന്ന് പത്രൊസും, അന്ത്രെയാസും, യാക്കോബും, യോഹന്നാനും മറ്റെല്ലാ ശിഷ്യന്മാരും അറിഞ്ഞിരുന്നു. അവൻ ആയിരുന്നതിന്റെ അനേകം വശങ്ങൾ അവർ മനസ്സിലാക്കിയിരുന്നു. കൂടാതെ, അവർ രാജ്യത്തിന്റെ മർമം കേൾക്കുകയും ചെയ്യു. ഇനി അവനെ അനുഗമിക്കുവാനുള്ള മാർഗം അവർ അറിയേണ്ട ആവശ്യമുണ്ട്. അതുകൊണ്ട്, പതിമൂന്നാം അധ്യായത്തിന്റെ അവസാനം മുതൽ ആരംഭിക്കുന്നതായി വെളിപ്പെടുത്തിയിരിക്കുന്നത് ഈ തിരസ്കരിക്കപ്പെട്ട രാജാവിനെ അനുഗമിക്കുവാനുള്ള വഴിയാണ്.

അവന്റെ തിരസ്കരണത്തിനുശേഷം അവന്റെ അനുയായികൾക്ക് അവനെ എങ്ങനെ അനുഗമിക്കുവാൻ കഴിയും? മത്തായി ഒരു ചരിത്ര പുസ്തകമല്ല, മറിച്ച് ഒരു ഉപദേശ പുസ്തകമാണെന്ന് ഓർക്കുക. മത്തായിയുടെ വിവരണം ചരിത്രപരമായ വസ്തുതകളെ അനുസരിച്ചല്ല; അത് ഉപദേശത്തിന്റെ ക്രമം അനുസരിച്ചാണ്. തന്റെ സുവിശേഷത്തിൽ മത്തായി സ്വർഗീയ രാജാവിനെയും, അവന്റെ വംശാവലിയെയും, ജനനത്തെയും, യുവത്വത്തെയും, ശുപാർശയെയും, അഭിഷേകത്തെയും, പരീക്ഷയെയും, ശുശ്രൂഷയെയും, അവനെത്തന്നെ വെളിപ്പെടുത്തുന്നതിനെയും, അവൻ രാജ്യത്തിന്റെ മർമം വെളിപ്പെടുത്തുന്നതിനെയും സംബന്ധിച്ച ഉപദേശം അവതരിപ്പിക്കുന്നു. ഇതെല്ലാം കണ്ടതിനുശേഷം നമുക്കു പറയാം, "എത്ര അത്ഭുതകരവും ആശ്ചര്യകരവും! നമുക്ക് രാജാവിനെയും രാജ്യത്തെയും കുറിച്ച് നിരവധി കാര്യങ്ങൾ അറിയാം. ഇനി നമുക്കെന്താണു വേണ്ടത്?" നമുക്കാവശ്യമായത് അവനെ അനുഗമിക്കുവാനുള്ള മാർഗമാണ്. അവൻ അത്ഭുതവാനും, രാജ്യം ആശ്ചര്യകരവുമാണ്; എന്നാൽ എങ്ങനെ നമുക്ക് ഈ രാജ്യത്തിലേക്കു കടക്കുവാനും അവനെ അനുഗമിക്കുവാനും കഴിയുമെന്ന് നാം അറിയണം. അതുകൊണ്ട്,

പതിമൂന്നാം അധ്യായത്തിന്റെ അവസാനം മുതൽ പതിനേഴാം അധ്യായത്തിന്റെ മധ്യം വരെയുള്ള ഭാഗം, ഈ ഉപദേശപരമായ പുസ്തകത്തിലെ ഒരു വലിയ ഭാഗം, തിരസ്കരിക്കപ്പെട്ട രാജാവിനെ അനുഗമിക്കുവാനുള്ള പാതയുടെ വ്യക്തമായ ഒരു ഭൂപടം നമുക്കു നൽകുന്നു.

നാം അവനോട് സത്യസന്ധരും വിശ്വസ്തരുമാണെങ്കിൽ, ഈ യുഗത്താൽ തിരസ്കരിക്കപ്പെട്ടവനായ ക്രിസ്തുവിനെ അനുഗമിക്കുന്ന ഈ മാർഗത്തിൽ നാം ആയിരിക്കണം. ഇന്നു നിങ്ങൾ എവിടെയാണ്? കർത്താവിന്റെ പ്രത്യുദ്ധാരത്തിലാണെന്ന് നിങ്ങൾ പറയുമായിരിക്കും. എന്നാൽ കർത്താവിന്റെ പ്രത്യുദ്ധാരം തിരസ്കരിക്കപ്പെട്ട സ്വർഗീയ രാജാവിനെ അനുഗമിക്കുവാനുള്ള ഒരു പാതയാണ്. ഈ രാജാവ് ഈ തലമുറയാൽ തിരസ്കരിക്കപ്പെടുകയും, ഇപ്പോഴും അതിനാൽ തിരസ്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നിരുന്നാലും, അവന്റെ തിരസ്കരണത്തിൽ പങ്കുചേരുവാൻ ആഗ്രഹിക്കുന്നവരെന്ന നിലയിൽ നാം അവനെ അനുഗമിക്കും. ഹല്ലേലൂയ്യാ, നാം അവനെ ആസ്വദിക്കുന്നതിൽ പങ്കെടുക്കുന്നവരും അവന്റെ തിരസ്കരണത്തിൽ പങ്കെടുക്കുന്നവരുമാണ്! അവൻ തിരസ്കരിക്കപ്പെട്ട രാജാവും, നാം അവന്റെ തിരസ്കരിക്കപ്പെട്ട അനുയായികളുമാണ്. തിരസ്കരിക്കപ്പെടുവാൻ അവൻ മുൻകയ്യെടുത്തു, ഇപ്പോഴും മുൻകയ്യെടുക്കുന്നു; നാം തേജസ്സിലേക്കുള്ള പാതയിൽ അവനെ അനുഗമിക്കുകയാണ്. ഈ പാതയുടെ ആരംഭത്തിൽ തിരസ്കരണമല്ലാതെ മറ്റൊന്നുമില്ല; എന്നാൽ, അതിന്റെ അവസാനത്തിൽ രാജ്യത്തിന്റെ പ്രത്യക്ഷതയായ തേജസ്സുണ്ട്.

ഈ ദൂതിലും തുടർന്നുള്ള ദൂതുകളിലും തേജസ്സിലേക്കുള്ള പാതയിൽ എങ്ങനെ നടക്കണമെന്ന് നിങ്ങളെ കാണിക്കുവാനുള്ള ഭാരം എനിക്കുണ്ട്. നിങ്ങൾ ക്രിസ്തുവിനെ അനുഗമിക്കുന്നുവെങ്കിലും, ഈ പാതയിൽ എങ്ങനെ നടക്കണമെന്ന് നിങ്ങൾക്കറിയില്ലായിരിക്കാം. അതിൽ നടക്കുന്നതിനായി നിങ്ങൾക്ക് ഒരു ഭൂപടം ആവശ്യമാണ്. ഈ ദൂതുകളിൽ ഈ ഭൂപടം എങ്ങനെ വായിക്കണമെന്ന് നാം പഠിക്കും. തിരസ്കരിക്കപ്പെട്ട രാജാവിനെ നാം അനുഗമിക്കുന്നു, നമ്മുടെ ദൈവകല്പിതം തേജസ്സാണ്. തന്റെ ഉപദേശപരമായ പുസ്തകത്തിൽ രാജ്യത്തിന്റെ ഒരു രേഖാചിത്രം മാത്രമല്ല, രാജ്യത്തിലേക്ക് നാം പ്രവേശിക്കത്തക്കവണ്ണം പാതയുടെ ഒരു ഭൂപടവും ഉൾപ്പെടുത്തിയതിനായി നാം മത്തായിക്ക് എത്ര നന്ദി പറയുന്നു! നമ്മുടെ പ്രിയനായ രാജാവിനെ തേജസ്സിലേക്ക് നാം അനുഗമിക്കുന്ന പാതയിൽ എങ്ങനെ നടക്കണമെന്നു നമ്മെ കാണിക്കുന്ന വ്യക്തമായ ഒരു ഭൂപടം പതുമൂന്നാം അധ്യായത്തിന്റെ അവസാനം മുതൽ പതിനേഴാം അധ്യായത്തിന്റെ മധ്യഭാഗം വരെ നമുക്കുണ്ട്.

## I. തിരസ്കരണത്തിന്റെ വർധനവ്

ഈ പാതയിൽ നാം അഭിമുഖീകരിക്കുന്ന ഒന്നാമത്തെ കാര്യം തിരസ്കരണമാണ്. ക്രിസ്തു തിരസ്കരിക്കപ്പെട്ടവനായതുകൊണ്ട്, നാമും തിരസ്കരിക്കപ്പെട്ടവരായിരിക്കണം. നമുക്ക് മറ്റൊരു തിരഞ്ഞെടുപ്പില്ല. സ്വാഗതം ചെയ്യപ്പെടുമെന്ന് പ്രതീക്ഷിക്കരുത്, കാരണം തേജസ്സ് വരുന്നതുവരെ ആരും നിങ്ങളെ സ്വാഗതം ചെയ്യുകയില്ല. പകരം, തിരസ്കരിക്കപ്പെടുവാൻ നിങ്ങൾ മനസ്സുള്ളവനായിരിക്കണം. 13:53—14:13-ൽ തിരസ്കരണത്തിന്റെ വർധനവ് നാം കാണുന്നു. നാം സഭയിലേക്കു വരുന്നതിനെ എതിർത്തവരിലൂടെ തിരസ്കരണത്തിന്റെ ഒരളവ് നമ്മിൽ അനേകർ അനുഭവിച്ചിട്ടുണ്ട്. എന്നാൽ ഈ തിരസ്കരണം കുറയുകയില്ല, മറിച്ച് കൂടുകയേയുള്ളൂവെന്ന് ഞാൻ നിങ്ങളോട് പറയേണ്ടതാവശ്യമാണ്. തിരസ്കരണത്തിനുമേൽ തിരസ്കരണം ഉണ്ടായിരിക്കും. ഇതിനായി ഒരുങ്ങിയിരിക്കുക.

### A. ഗലീലക്കാരാലുള്ള തിരസ്കരണം

#### *1. ജഡപ്രകാരം അവനെ അറിയുകയും അവരുടെ സ്വാഭാവികമായ അറിവിനാൽ കുരുടാക്കപ്പെടുകയും ചെയ്തു*

യെഹൂദ മതഭക്തന്മാരാലാണ് ഒന്നാമതായി സ്വർഗീയ രാജാവ് തിരസ്കരിക്കപ്പെട്ടത്. മതനേതാക്കന്മാർ തങ്ങളുടെ മതത്താൽ പൂർണമായി മുഴുകപ്പെട്ടും, കൈവശമാക്കപ്പെട്ടും, മറയ്ക്കപ്പെട്ടുമിരുന്നതുകൊണ്ട് അവർ ക്രിസ്തുവിനെ അങ്ങേയറ്റം തിരസ്കരിച്ചു. മതം അവർക്ക് എല്ലാമായിരുന്നതുകൊണ്ട്, അവർക്ക് ഈ സ്വർഗീയ രാജാവിനെ തിരിച്ചറിയുവാൻ കഴിഞ്ഞില്ല. മതപരമായ മൂടുപടങ്ങളാൽ കുരുടാക്കപ്പെട്ടിട്ട് അവർ അവനെ തിരസ്കരിച്ചു. മതത്തിന്റെ കേന്ദ്രമായ യെരൂശലേമിൽ കർത്താവ് തിരസ്കരിക്കപ്പെട്ടതിനുശേഷം, അവൻ അത്ര മതപരമല്ലാത്ത ഒരു ഭൂപ്രദേശത്തേക്ക്—അവൻ ജനിക്കുകയും വളരുകയും ചെയ്ത സ്ഥലമായ ഗലീലയിലേക്ക് തിരിഞ്ഞു. ഗലീല ജാതീയ മേഖലയോട് ഏറെക്കുറെ അടുത്തായിരുന്നു. എങ്കിലും, ഗലീലയിൽപോലും അവനെ സ്വാഗതം ചെയ്തിരുന്നില്ല. ഗലീലക്കാർ അവനെ എതിർത്തില്ലെങ്കിലും, അവരുടെ സ്വാഭാവികമായ അറിവു നിമിത്തം അവർ അവനെ തിരസ്കരിച്ചു. അവർ അവനെ കാണുകയും അവൻ സംസാരിക്കുന്നത് കേൾക്കുകയും ചെയ്തപ്പോൾ അവർ പറഞ്ഞു, "ഇവൻ തച്ചന്റെ മകനല്ലയോ? അവന്റെ അമ്മ മറിയ എന്നു വിളിക്കപ്പെടുന്നവളും, അവന്റെ സഹോദരന്മാർ യാക്കോബും യോസേഫും ശിമോനും യൂദയും അല്ലയോ? അവന്റെ സഹോദരിമാരോ, അവർ എല്ലാവരും നമ്മോടുകൂടെ

ഉള്ളവരല്ലയോ? പിന്നെ ഇവന് ഇവയെല്ലാം എവിടെനിന്ന്?" (മത്താ. 13:55-56). ഇവിടെ ആത്മവിൻ പ്രകാരമല്ല, ജഡപ്രകാരം ഗലീലക്കാർ അവനെ അറിഞ്ഞിരുന്നുവെന്ന് നാം കാണുന്നു (2 കൊരി. 5:16). അവനെക്കുറിച്ച് സകലവും അറിയാമെന്ന് ചിന്തിച്ചിരുന്നതിനാൽ അവരുടെ സ്വാഭാവികമായ അറിവിനാൽ അവർ കുരുടാക്കപ്പെട്ടിരുന്നു. അവൻ ചെയ്ത അത്ഭുതങ്ങൾ അവർ കണ്ടിരുന്നുവെങ്കിലും, അവരുടെ സ്വാഭാവിക ധാരണകളാൽ അവർ വ്യാപൃതരായിരുന്നു. മതപരമായ ആളുകൾ അവരുടെ മതത്താൽ വ്യാപൃതരായിരിക്കുകയും, ഗലീലക്കാർ അവരുടെ സ്വാഭാവിക അറിവിനാൽ വ്യാപൃതരായിരിക്കുകയും ചെയ്തു.

നാം ക്രിസ്തുവിനെ അറിയുകയും അവനെ അനുഗമിക്കുകയും ചെയ്യണമെങ്കിൽ, മതവും സ്വാഭാവികമായ അറിവും മൂടുപടങ്ങളാണെന്ന് നാം തിരിച്ചറിയണം. നമുക്ക് ദൈവശാസ്ത്രപരമായ പരിശീലനം ഇല്ലെന്നു പറഞ്ഞുകൊണ്ട് നമ്മെ എതിർക്കുന്നവരിൽ ചിലർ നമ്മെ കൊച്ചാക്കുന്നു. എന്നാൽ തച്ചന്റെ മകനായ കർത്താവായ യേശുവിന് യാതൊരു ദൈവശാസ്ത്രപരമായ പരിശീലനവും ഉണ്ടായിരുന്നില്ല. മറ്റാരെക്കാളും എന്നെ വളരെയധികം സഹായിച്ചവനായ സഹോദരൻ നീക്കും ദൈവശാസ്ത്രപരമായ യാതൊരു പരിശീലനവും ഉണ്ടായിരുന്നില്ല. ക്രിസ്തു ആരാണെന്ന് തിരിച്ചറിയുന്നതിൽനിന്നും ജനത്തെ തടസ്സപ്പെടുത്തുന്ന രണ്ടു വലിയ തടസ്സങ്ങളാണ് മതവും സ്വാഭാവികമായ അറിവും. നിങ്ങൾ മതത്തെ പിന്തുടരുന്നുവെങ്കിൽ നിങ്ങൾ യെരൂശലേമിലായിരിക്കുകയും, നിങ്ങളുടെ സ്വാഭാവികമായ അറിവിനെ പിന്തുടരുന്നുവെങ്കിൽ നിങ്ങൾ ഗലീലയായിരിക്കുകയും ചെയ്യും. എന്നാൽ ക്രിസ്തു യെരൂശലേമിൽ തങ്ങുകയോ ഗലീലയിൽ തുടരുകയോ ചെയ്യുന്നില്ല. നാം കാണാൻ പോകുന്നതുപോലെ, അവൻ മരുഭൂമിയിലേക്ക് പുറപ്പെട്ടുപോകുന്നു. യെരൂശലേം മതപരമായ ധാരണകൾകൊണ്ട് നിറഞ്ഞിരിക്കുകയും, ഗലീല സ്വാഭാവിക അറിവുകൊണ്ട് നിറഞ്ഞിരിക്കുകയും ചെയ്തതുകൊണ്ട് കർത്താവ് മരുഭൂമിയിലേക്കു പോയി. നിങ്ങൾ യെരൂശലേമിലോ ഗലീലയിലോ ആണോ, അതോ നിങ്ങൾ മരുഭൂമിയിലാണോ? മരുഭൂമിയിൽ മതമോ, സംസ്കാരമോ, ദൈവശാസ്ത്രപരമായ പരിശീലനമോ ഇല്ല. യെരൂശലേമിൽ മതവും, ഗലീലയിൽ സ്വാഭാവിക അറിവും ഉണ്ട്, എന്നാൽ മരുഭൂമിയിൽ ക്രിസ്തുവിന്റെ സാന്നിധ്യമുണ്ട്. ഓ, മരുഭൂമിയിൽ നമുക്ക് ക്രിസ്തു ഉണ്ട്! ഇതാണ് നമ്മുടെ പ്രശംസയും ആസ്വാദനവും. നമുക്ക് മതമോ സ്വാഭാവിക അറിവോ ഇല്ല—നമുക്ക് ക്രിസ്തു ഉണ്ട്.

നാം അറിവിനെ കുറച്ചുകാണുന്നതുകൊണ്ട് നാം വളഞ്ഞ മനസ്സുള്ളവരാണെന്ന് കുറ്റംവിധിക്കപ്പെടുകയും ആരോപിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ മനസ്സുകൾ

വളഞ്ഞതല്ല—അവ സ്വാഭാവികവും മതപരവുമായ അറിവിൽനിന്നും പുതുക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. നാം ഇനിമേൽ മതഭക്തരോ സ്വാഭാവികരോ അല്ലെന്ന് പ്രഖ്യാപിക്കുവാൻ ധൈര്യമുള്ളവരായിരിക്കണം. സ്വാഭാവികവും മതപരവുമായ അറിവിനുപകരം, നമ്മുടെ ജ്ഞാനമായി, പരിജ്ഞാനത്തെ കവിയുന്ന ജ്ഞാനമായ ക്രിസ്തു നമുക്കുണ്ട്.

Thu സ്വാഭാവികമായ അറിവിനാൽ ക്രിസ്തുവിനെ അറിയാനുള്ള ഏതു പരിശ്രമവും തിരസ്കരണത്തിൽ പരിണമിക്കും. സ്വാഭാവികമായ അറിവിനനുസരിച്ച്, ക്രിസ്തു ഒരു തച്ചന്റെ മകനും, അവന്റെ അമ്മ ഒരു സാധാരണ സ്ത്രീയും ആയിരുന്നു. അവന്റെ നാട്ടുകാർക്ക് അവന്റെ പുറമെയുള്ള എല്ലാ സവിശേഷതകളും അറിയാമായിരുന്നെങ്കിലും, ദൈവം അവനിലുണ്ടായിരുന്നുവെന്ന് അവർ കണ്ടില്ല. മറ്റുള്ളവരെപ്പോലെ താനും ക്രിസ്തുവിനെ ജഡപ്രകാരം അറിഞ്ഞിരുന്നുവെന്ന് 2 കൊരിന്ത്യർ 5:16-ൽ പൗലൊസ് പറയുന്നു. പൗലൊസ് തർസൊസിലെ ശൗലായിരുന്നപ്പോൾ അവൻ ക്രിസ്തുവിനെ ജഡപ്രകാരം അറിഞ്ഞിരുന്നു; യേശു കേവലം ഒരു കൊച്ചു നസറായനായിരുന്നുവെന്ന് അവൻ ചിന്തിച്ചു. യേശുവിന്റെ ഉള്ളിൽ ദൈവം ഉണ്ടായിരുന്നുവെന്ന് അവൻ തിരിച്ചറിഞ്ഞില്ല. എന്നാൽ ഒരു ദിവസം ദമസ്കൊസിലേക്കുള്ള വഴിയിൽവച്ച് കർത്താവായ യേശു അവനോടു പറഞ്ഞു, "ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത്?" താൻ ആരാണെന്ന് ശൗൽ കർത്താവിനോടു ചോദിച്ചപ്പോൾ, കർത്താവ് പ്രതിവചിച്ചു, "ഞാൻ യേശു ആകുന്നു." നസറായനായ യേശു ഇപ്പോൾ സ്വർഗത്തിലാണെന്ന് ദമസ്കൊസിലേക്കുള്ള വഴിയിൽവച്ച് ശൗൽ മനസ്സിലാക്കി. യേശു ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "ഞാൻ ജഡം മാത്രമായിരുന്നില്ല—ഞാൻ ദൈവമായിരുന്നു, സാക്ഷാൽ ദൈവം എന്നിലായിരുന്നു. ശൗലേ, നീ എന്നെ ഉള്ളിലെ ആത്മാവിൻ പ്രകാരമല്ല, ജഡപ്രകാരം അറിഞ്ഞിരുന്നു."

ഇന്നും അങ്ങനെ തന്നെയാണ്. മറ്റുള്ള ക്രിസ്ത്യാനികളെ പുറമെയുള്ള കാര്യങ്ങളനുസരിച്ചോ, അവരുടെ രാജ്യമോ, ഭാഷയോ, രക്ഷാകർതൃത്വമോ, വിദ്യാഭ്യാസമോ, ബാഹ്യരൂപമോ, യോഗ്യതയോ അനുസരിച്ചല്ല നാം അറിയേണ്ടത്. ഈ കാര്യങ്ങൾക്കനുസൃതമായി നാം ക്രിസ്ത്യാനികളെ അറിയുന്നുവെങ്കിൽ, നാം അവരെ ജഡപ്രകാരം അറിയുന്നു. എന്നാൽ ക്രിസ്തു അവരിൽ ഉള്ളതുകൊണ്ട് നാം ക്രിസ്ത്യാനികളെ ആത്മാവിന് അനുസരിച്ച് അറിയണം. കുറെ മാസങ്ങൾക്കുമുമ്പ് എതിരാളികളിൽ ഒരുവനെ ഉച്ചഭക്ഷണത്തിനായി എന്റെ വീട്ടിലേക്ക് ക്ഷണിച്ചിരുന്നു. ഞങ്ങൾ ഒരുമിച്ച് മൂന്നിലധികം മണിക്കൂർ ചിലവഴിച്ചു. ഒരു ഘട്ടത്തിൽ അവൻ പറഞ്ഞു, "നിങ്ങളുടെ ഇടയിൽ പണ്ഡിതന്മാർ ആരുമില്ല, അല്ലേ? ഞങ്ങളോടുകൂടെ നൂറിലധികം പണ്ഡിതന്മാരുണ്ട്."

എന്നാൽ ഒടുവിൽ, നമ്മുടെ ഇടയിൽ പണ്ഡിതന്മാരാരുമി ല്ലാത്ത നാം വർത്തമാന പത്രത്തിൽ എതിരാളികൾക്ക് ഉത്തരം പറയുവാൻ സാധിക്കാത്ത ലേഖനങ്ങൾ അച്ചടിച്ചു. അവർ നിരവധി തച്ചന്റെ മക്കളാൽ കുഴപ്പത്തിലായിത്തീർന്നു.

അവന്റെ പ്രത്യുദ്ധാരത്തിൽ നാം അവനെ അനുഗമിക്കുമ്പോൾ, ജഡപ്രകാരം നാം ജനത്തെ അറിയുകയോ ജഡപ്രകാരം അവരെ വിലയിരുത്തുകയോ അരുത്. ഒരു കാര്യത്താൽ നാം അവരെ അറിയണം—ക്രിസ്തുവിന്റെ അളവിനനുസരിച്ച്. അറിവിലും സാമർഥ്യത്തിലും ബാഹ്യരൂപത്തിലും യാതൊരു കാര്യവുമില്ല. ഒരുപക്ഷെ ഒരു സഹോദരന് നന്നായി സംസാരിക്കുവാൻ കഴിയാതിരിക്കുകയും, മോശമായ വ്യാകരണം ഉപയോഗിക്കുകയും ചെയ്യേക്കാം. എങ്കിലും, അവൻ തന്റെ വായ് തുറക്കുമ്പോഴൊക്കെയും ക്രിസ്തു പുറപ്പെടുന്നു. അവന്റെ സന്നിധിയിൽ നിങ്ങൾ ഇരിക്കുമ്പോൾപോലും അവന്റെ ഉള്ളിൽ ക്രിസ്തുവിന്റെ ഒരു അളവുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കുന്നു. കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള സഭാജീവിതത്തിൽ നാം ബാഹ്യരൂപത്തിനുവേണ്ടി കരുതുന്നില്ല; ക്രിസ്തു ഇരിക്കുന്നിടമായ ആത്മാവിനുവേണ്ടി മാത്രം നാം കരുതുന്നു. ഇതാണ് ക്രിസ്തുവിനെയും, മറ്റു ക്രിസ്ത്യാനികളെയും അറിയുവാനും, കർത്താവിനെ അനുഗമിക്കുവാനുമുള്ള മാർഗം.

### *2. സ്വർഗീയ രാജാവിനെ അവരുടെ ഇടയിൽ അനേകം വീര്യപ്രവൃത്തികൾ ചെയ്യുവാൻ ഇടയാക്കാതിരിക്കുന്നു*

വാക്യം 58 പറയുന്നു, "അവരുടെ അവിശ്വാസം കാരണം അവൻ അവിടെ അനേകം വീര്യപ്രവൃത്തികൾ ചെയ്തില്ല." പരീശന്മാരുടെ തിരസ്കരണം സ്വർഗീയ രാജാവ് അവരെ ഉപേക്ഷിക്കുവാൻ കാരണമായി. ഗലീലക്കാരുടെ അവിശ്വാസം അവരുടെ ഇടയിൽ അനേകം വീര്യപ്രവൃത്തികൾ ചെയ്യാതിരിക്കുവാൻ കർത്താവിനെ ഇടയാക്കി. ഗലീലക്കാരുടെ സ്വാഭാവിക അറിവു നിമിത്തം കർത്താവായ ക്രിസ്തുവിന് അവർക്കുവേണ്ടി ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. "യേശുവേ, ഞങ്ങൾക്ക് നിന്നെ ആവശ്യമില്ല! ഇവിടെനിന്നും പൊയ്ക്കൊള്ളുക" എന്ന് ഗലീലക്കാർ പറഞ്ഞില്ല. "ഇത് തച്ചന്റെ മകനല്ലയോ? എവിടെനിന്ന് ഈ മനുഷ്യന് ഈ ജ്ഞാനവും ഈ വീര്യപ്രവൃത്തികളും ലഭിച്ചു?" എന്നു മാത്രമേ അവർ ചോദിച്ചുള്ളൂ. ഈ ചോദ്യങ്ങൾ ധാരാളമായിരുന്നു. സ്വർഗീയ രാജാവിന് പിന്നെ അവിടെ തുടരാൻ കഴിഞ്ഞില്ല; അവന്റെ കൃപാപൂർണമായ വീര്യപ്രവൃത്തികളെ അവർക്ക് ഇനിമേൽ ആസ്വദിക്കുവാനും കഴിഞ്ഞില്ല. അതുകൊണ്ട്, സംസ്കാരമില്ലാത്തതും, മതമില്ലാത്തതും, നാം ഇപ്പോൾ കാണാൻ പോകുന്നതുപോലെ രാഷ്ട്രീയമില്ലാത്തതുമായ മരുഭൂമിയിലേക്ക് അവൻ അവരിൽനിന്ന് പുറപ്പെട്ടുപോയി.

## B. വിജാതീയനായ ഇടപ്രഭുവാലുള്ള തിരസ്കരണം

14:1-3-ൽ നാം വിജാതീയനായ ഇടപ്രഭുവാലുള്ള തിരസ്കരണത്തെ കാണുന്നു. മതത്തോടും സംസ്കാരത്തോടുംകൂടെ എപ്പോഴും രാഷ്ട്രീയമുണ്ട്. മത്തായിയുടെ അവതരണമനുസരിച്ച് മതത്താലും സ്വാഭാവിക അറിവിനാലുമുള്ള തിരസ്കരണത്തിനുശേഷം രാഷ്ട്രീയത്താലുള്ള തിരസ്കരണമുണ്ട്. ഇടപ്രഭുവായ ഹെരോദാവ് രാഷ്ട്രീയത്താലുള്ള തിരസ്കരണത്തെ പ്രതിനിധീകരിക്കുന്നു. ഇതാണ് 14:1-13-ലുള്ള അടിസ്ഥാന തത്ത്വം.

ഹെരോദാവ് യോഹന്നാൻ സ്നാപകന്റെ തല ശിരച്ഛേദം ചെയ്യിച്ചു. 12:24-ൽ മുഴുവൻ യെഹൂദ രാഷ്ട്രത്തെയും പ്രതിനിധീകരിക്കുന്ന യെഹൂദമത നേതാക്കന്മാർ സ്വർഗീയ രാജാവിനെ അങ്ങേയറ്റം തിരസ്കരിച്ചു. ഇത് അവരുമായുള്ള തന്റെ സ്വാഭാവിക ബന്ധത്തെ ഉപേക്ഷിക്കുവാൻ അവനെ നിർബന്ധിച്ചു (12:46-50). പിന്നീട് 13:53-58-ൽ അവൻ ഗലീലക്കാരാലും തിരസ്കരിക്കപ്പെട്ടു. ഇപ്പോൾ പതിന്നാലാം അധ്യായത്തിൽ, ജാതീയ രാഷ്ട്രീയം രാജാവിന്റെ മുൻഗാമിയോട് എങ്ങനെ പെരുമാറിയെന്ന് മത്തായി തന്റെ ഉപദേശപരമായ ക്രമീകരണത്തിൽ അനാവരണം ചെയ്യുന്നു. ജാതീയ രാഷ്ട്രീയം ദുഷ്ടവും, ദുഷിപ്പും ഇരുട്ടും നിറഞ്ഞതായിരുന്നു. ഈ ഘട്ടംവരെ യെഹൂദന്മാരും, ഗലീലക്കാരും, ജാതികളും സ്വർഗരാജ്യത്തിന്റെ ശുശ്രൂഷയെ എങ്ങനെ തിരസ്കരിച്ചുവെന്നതിന്റെ പൂർണമായ ഒരു ചിത്രം മത്തായി നൽകിക്കഴിഞ്ഞു.

### *1. ജാതീയ രാഷ്ട്രീയം യെഹൂദ മതവുമായി ഏകീഭവിക്കുന്നു*

ഒന്നാമത്, മതത്താലുള്ള തിരസ്കരണം അതിന്റെ ഉച്ചസ്ഥിതിയിൽ എത്തിച്ചേർന്നു. ഇതിനെത്തുടർന്ന് സ്വാഭാവിക അറിവു നിമിത്തമുള്ള തിരസ്കരണം വന്നു. രാഷ്ട്രീയത്താലുള്ള തിരസ്കരണം മതത്താലും സ്വാഭാവിക അറിവിനാലുമുള്ള തിരസ്കരണവുമായി ഏകീഭവിച്ചു. സ്വാഭാവിക അറിവുള്ളവരായ മതവാദികളും, രാഷ്ട്രീയക്കാരും കർത്താവായ യേശുവിനെ തിരസ്കരിക്കുകയെന്ന ഉദ്ദേശ്യത്തിനുവേണ്ടി ഒരു സമ്മേളനം നടത്തിയില്ല. എന്നിരുന്നാലും, അവനെ അവർ തിരസ്കരിച്ചതിൽ ഏകീഭവിച്ചു. മതവും, സ്വാഭാവിക അറിവും, രാഷ്ട്രീയവുമെല്ലാം ക്രിസ്തുവിന്റെ തിരസ്കരണത്തിൽ ഒരുമിച്ചു വന്നു.

### *2. രാഷ്ട്രീയത്തിന്റെ ഇരുട്ട് തുറന്നുകാട്ടപ്പെട്ടു*

പതിന്നാലാം അധ്യായത്തിൽ നാം രാഷ്ട്രീയത്തിലുള്ള ഇരുട്ടും, ദുർഗന്ധവും, അനീതിയും കാണുന്നു. മതത്തിൽ നമ്മുടെ സ്വർഗീയ രാജാവിന് യാതൊരു സ്വാഗതവും ഇല്ലെന്ന് കാണുവാൻ നമ്മുടെ കണ്ണുകൾ തുറക്കപ്പെടേണ്ടതാവശ്യമാണ്.

സ്വാഭാവിക അറിവിലും ഇന്നത്തെ അഴുകിയ, ഇരുണ്ട രാഷ്ട്രീയത്തിലും അവനുവേണ്ടി യാതൊരു ഇടവും ഇല്ല. ഈ തലമുറയിൽ സ്വർഗീയ രാജാവിനുവേണ്ടി യാതൊരു സ്ഥലവുമില്ല. സ്വർഗീയ രാജാവിനെ തിരസ്കരിക്കുന്നതിൽ മതവും, സംസ്കാരവും, രാഷ്ട്രീയവുമെല്ലാം ഒന്നാണ്. മത്തായിയുടെ സുവിശേഷത്തിലെ വിവരണത്തിനായി കർത്താവിന് ഞാൻ എത്രമാത്രം സ്തോത്രം ചെയ്യുന്നു. പതിന്നാലിനു മുമ്പുവരെയുള്ള അധ്യായങ്ങൾ നിങ്ങൾ വായിക്കുന്നുവെങ്കിൽ, യെഹൂദമതത്തിലുള്ള വഞ്ചനയെ നിങ്ങൾ കാണും. സ്വാഭാവിക അറിവ് ജനത്തിന് വലിയ നാശത്തിനിടയാക്കിയെന്നും നിങ്ങൾ കാണും. കൂടാതെ, ആ സമയത്ത് ഭൂമിയിലെ പ്രധാനപ്പെട്ട രാഷ്ട്രീയ സമ്പ്രദായമായിരുന്ന റോമാ രാഷ്ട്രീയത്തിലെ ദുർഗന്ധവും ഇരുട്ടും നിങ്ങൾ കാണും. എന്നാൽ ഏറ്റവും നല്ല രാഷ്ട്രീയ സമ്പ്രദായത്തിൽപോലും ദുർഗന്ധവും ഇരുട്ടുമല്ലാതെ മറ്റൊന്നുമില്ല.

### *3. സ്വർഗീയ രാജാവിനെ മരുഭൂമിയിലേക്ക് പിൻവാങ്ങുമാറാക്കുന്നു*

ഇതുവരെ, തേജസ്സിലേക്കുള്ള പാതയിലെ ആദ്യത്തെ രണ്ടു താവളങ്ങൾ നാം കണ്ടു. ഒന്നാമത്തെ താവളം സ്വാഭാവിക അറിവിനാലുള്ള തിരസ്കരണവും, രണ്ടാമത്തേത് രാഷ്ട്രീയത്താലുള്ള തിരസ്കരണവും ആണ്. സംസ്കാരത്താലും രാഷ്ട്രീയത്താലുമുള്ള തിരസ്കരണം സ്വർഗീയ രാജാവിനെ പിൻവാങ്ങുവാൻ നിർബന്ധിച്ചു. യോഹന്നാൻ സ്നാപകന്റെ വധശിക്ഷയെക്കുറിച്ച് അവൻ കേട്ടപ്പോൾ, "അവിടെനിന്ന് പടകിൽ ഒരു വിജനമായ സ്ഥലത്തേക്ക് സ്വകാര്യമായി പിൻവാങ്ങി" (14:13). മതഭക്തരും, സംസ്കാരസമ്പന്നരും, രാഷ്ട്രീയക്കാരുമായ സകല ജനത്താലുമുള്ള തിരസ്കരണം നിമിത്തം സ്വർഗീയ രാജാവ് അവരെ വിട്ട് വിജനമായ സ്ഥലത്തേക്ക് പോയി. ഇനിമുതൽ അവൻ ഒരു വിജനമായ സ്ഥലത്ത്, മതഭക്തരും രാഷ്ട്രീയക്കാരും സംസ്കാരസമ്പന്നരുമായ ജനത്തിൽനിന്നും അകലെ സംസ്കാരമില്ലാത്ത ഒരു സ്ഥലത്ത്, സ്വകാര്യമായി അവനെത്തന്നെ മറയ്ക്കുമെന്ന് ഇതു സൂചിപ്പിക്കുന്നു. അവൻ ഇത് സഭയിലൂടെ ചെയ്യുമെന്ന് പരോക്ഷമായി സൂചിപ്പിച്ചുകൊണ്ട്, ഒരു പടകിലാണ് ചെയ്തത്. പരിഷ്കൃത ലോകത്തിന്റെ തിരസ്കരണം നിമിത്തം കർത്താവ് സഭയിലൂടെ, അധികം സംസ്കാരമില്ലാത്ത ഒരു മണ്ഡലത്തിൽ, മത രാഷ്ട്രീയ വൃത്തങ്ങളിൽനിന്ന് എല്ലായ്പോഴും സ്വകാര്യമായി അവനെത്തന്നെ മറയ്ക്കുകയായിരുന്നു.

14:13-ന്റെ ശേഷംഭാഗം പറയുന്നു, "പുരുഷാരം ഇതേപ്പറ്റി കേട്ടപ്പോൾ അവർ പട്ടണങ്ങളിൽനിന്ന് കാൽനടയായി അവനെ പിന്തുടർന്നു." സകല ആളുകളിൽനിന്നും തിരസ്കരണം

ഉണ്ടായിരുന്നിട്ടും സ്വർഗീയ രാജാവിനെ അനുഗമിച്ച ഒരു നല്ല സംഖ്യ അപ്പോഴും ഉണ്ടായിരുന്നു. തങ്ങളുടെ പട്ടണങ്ങളെ വിട്ടുകൊണ്ടായിരുന്നു അവർ ഇതു ചെയ്തത്. അവരെ സന്ദർശിക്കുവാൻ രാജാവ് അവരുടെ പട്ടണങ്ങളിലേക്ക് വരുകയായിരുന്നില്ല, മറിച്ച് വിജനസ്ഥലത്ത് അവനെ അനുഗമിക്കുവാൻ അവർ തങ്ങളുടെ സംസ്കാരമുള്ള പട്ടണങ്ങളെ വിടുകയായിരുന്നു. എല്ലാ നൂറ്റാണ്ടുകളിലുമായി ക്രിസ്തുവിന്റെ സത്യ അനുയായികൾ തങ്ങളുടെ സ്വർഗീയ രാജാവിനെ സംസ്കാരത്തിനു പുറത്തുള്ള ലോകത്തിൽ അനുഗമിക്കുവാൻ സംസ്കാരമുള്ള മണ്ഡലങ്ങളെ വിട്ടുകളഞ്ഞിട്ടുണ്ട്. നാം അവനെ അനുഗമിച്ചവരുടെ കൂട്ടത്തിലാണ്. അവനുള്ളിടത്ത് നാം പോകുന്നു. എല്ലാ വിധത്തിലുള്ള തിരസ്കരണത്തിലൂടെയും നാം മരുഭൂമിയിലേക്ക് അവനെ അനുഗമിക്കുന്നു.